പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 4168

03.02.2014 -ൽ മറുപടിയ്ക്ക്

## ജലസേചന വകുപ്പിലെ എച്ച്.ആർ./സി.എൽ.ആർ./എസ്.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. പി. റ്റി. എ. റഹീം | ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) 16-2-2011-ലെ 5836-ാം നമ്പർ മന്ത്രിസഭാ തീരുമാനപ്രകാരം ജലസേചനവകുപ്പിലെ എച്ച്.ആർ./ സി.എൽ.ആർ./എസ്.എൽ.ആർ. തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിന് എത്ര തസ്തികകളാണ് സൃഷ്ടിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ ; | (എ) & (ബി) 16.02.2011-ലെ ഇനം നമ്പർ 5836 പ്രകാരമുള്ള മന്ത്രിസഭാ യോഗ തീരുമാനം, എച്ച്.ആർ./ സി.എൽ.ആർ./എസ്.എൽ.ആർ. ജോലിക്കാരെ വർക്കർ ആയി സ്ഥിരപ്പെടുത്തേണ്ട ആവശ്യത്തിലേക്ക് 1243 പുതിയ വർക്കർ തസ്തിക സൃഷ്ടിക്കുവാൻ തീരുമാനിച്ചിരുന്നുവെങ്കിലും നിയമസഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായുള്ള പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാൽ നടപ്പാക്കുകയുണ്ടായില്ല. എന്നാൽ 16.01.2013-ലെ ഗവ. ഉത്തരവ് പ്രകാരം 834 എച്ച്.ആർ./ സി.എൽ.ആർ./ ജീവനക്കാരെ എസ്.എൽ.ആർ. ജീവനക്കാരായി മാറ്റി നിയമിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (ബി) അതിൽ എത്ര പേർക്കാണ് നിയമനം നൽകിയിരുന്നത് ; | |
| (സി) ഇങ്ങനെ നിയമനം നൽകിയവരിൽ എത്ര പേർ റിട്ടയർ ചെയ്തിട്ടുണ്ട് ; | (സി) തിട്ടപ്പെടുത്തിയിട്ടില്ല. |

(ഡി) റിട്ടയർമെന്റ് തസ്തികയിലേക്ക്, നേരത്തെ പരിഗണിക്കപ്പെട്ടവരും ഇപ്പോൾ സർവ്വീസിലുള്ളവരുമായ ആളുകൾക്ക് പ്രൊമോഷൻ നൽകി നിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ജലസേചന വകുപ്പിൽ ഇറിഗേഷൻ ജോലികൾ ചെയ്യുന്നതിനുവേണ്ടി ഓരോ വർഷവും നിശ്ചിത സീസണിലേക്ക് നിയോഗിക്കപ്പെടുന്ന ജോലിക്കാരാണ് സീസണൽ ലേബർ റോൾ (എസ്.എൽ.ആർ.) ജീവനക്കാർ. ഇവർ കെ.എസ്.ആർ. ന്റെയോ മറ്റ് സർവ്വീസ് നിയമങ്ങളുടെയോ പരിധിയിൽ വരുന്നവരല്ല.

19.05.1983-ന് ശേഷം നിയോഗിക്കപ്പെടുന്ന എച്ച്.ആർ./സി.എൽ.ആർ. വർക്കേഴ്സിന് എസ്.എൽ.ആർ. ആയി നിയമനം നൽകുന്നതല്ലെന്ന് 17.09.1985-ലെ സ.ഉ(പി) നം.106/85/ പി.ഡബ്ല്യു & റ്റി. നമ്പർ ഉത്തരവിലെ ഖണ്ഡിക (iv) ൽ വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല, പിന്നീട് ഉണ്ടാകുന്ന ഒഴിവിൽ പട്ടികജാതി-പട്ടികവർഗ്ഗത്തിനുള്ള കുറവ് ഒരു സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നടത്തണമെന്നും അതിനുശേഷം മാത്രമേ എസ്.എൽ.ആർ. വർക്കേഴ്സിന്റെ റഗുലർ തസ്തികയിലേക്ക് ഉണ്ടാകുന്ന ഒഴിവുകൾ നികത്താവൂ എന്നും മേൽ ഉത്തരവിലെ ഖണ്ഡിക (v) ൽ നിർദ്ദേശിച്ചിട്ടുണ്ട്. മാത്രമല്ല, എസ്.എൽ.ആർ., വർക്കർ ഗ്രേഡ് എന്നീ തസ്തികയിലേക്ക് നിയമനം നടത്തേണ്ടതിലേക്ക് യോഗ്യതയും നിയമന രീതിയും സംബന്ധിച്ച് പ്രത്യേക ചട്ടങ്ങൾ നിലവിലില്ല. ഇതുപോലെയുള്ള തസ്തികയിലേക്ക് പി.എസ്.സി. വഴിയോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമോ മാത്രമേ നിയമനം നടത്താവൂ എന്ന് സുപ്രീംകോടതി ഭരണഘടന ബഞ്ച് വിധിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, നിലവിലെ നിയമ പ്രകാരം എച്ച്. ആർ./സി.എൽ.ആർ./ എസ്.എൽ.ആർ വർക്കർമാരെ പ്രൊമോഷൻ നൽകി നിയമിക്കാൻ കഴിയില്ല.

(ഇ) ഇങ്ങനെ നിയമിക്കുന്നതിന് എന്തെങ്കിലും നിയമതടസ്സമുണ്ടോ ?

(ഇ) ഉണ്ട്. സുപ്രീംകോടതിയുടെ ഭരണഘടനാ ബഞ്ച് 10.04.2006-ലെ എസ്.എൽ.പി. (സി) നം. 9103-9105/2001- ന്മേലുള്ള വിധി ന്യായത്തിൽ ഉത്തരവായത്

താത്കാലികമായോ, ദിവസവേതനാടി സ്ഥാനത്തിലോ മറ്റ് രീതിയിലോ ദീർഘനാൾ തുടരുന്ന തൊഴിലാളികൾക്ക് സ്ഥിരം നിയമനം നൽകാൻ പാടില്ലെന്നും പബ്ലിക് സർവ്വീസിൽ ഏതൊരു നിയമനവും ഭരണഘടനാപരമായ നിയമന പദ്ധതികൾ മുഖേന മാത്രമേ നികത്താൻ പാടുള്ളൂ എന്നുമാണ്. അല്ലാതെയുള്ള ഏതൊരു നിയമനവും നിയമ വിരുദ്ധമാണെന്നും മേൽ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്.

സെക്ഷൻ ഓഫീസർ